**കേരള വനം വകുപ്പ്**

**കോട്ടൂർ ആന പുനരധിവാസ കേന്ദ്രം**

**(കിഫ്ബി പ്രോജക്ട് )**

**എസ്. പി. വി. 2 /2025** **തീയതി: 27-03-2025**

**<u>സാനിറ്റേഷൻ സ്റ്റാഫ് തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു.</u>**

**കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തെപ്പറ്റി.**

കേരളം വനം വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിനടുത്തുള്ള കാപ്പുകാട് വനമേഖലയിൽ 2007 മുതൽ പ്രവർത്തിച്ചു വരുന്ന ആന പുനരധിവാസ കേന്ദ്രം അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ട്. 176 ഹെക്ടർ വനപ്രദേശത്ത് 105 കോടി രൂപ ചെലവിൽ കിഫ്ബി ധന സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കൂട്ടം തെറ്റി ജനവാസ മേഖലയോടടുത്ത വനമേഖലയിൽ അകപ്പെട്ടുപോകുന്ന കുട്ടിയാനകൾ, വനം വകുപ്പിന്റെ ആന ക്യാമ്പുകളിലെ പ്രായം ചെന്ന ആനകൾ, സ്ഥിരമായി നാട്ടിലിറങ്ങുന്നതുമൂലം മയക്കു വെടി വെച്ച് പിടിക്കുന്ന ആനകൾ, നിയമലംഘനത്തിന് പിടിച്ചെടുക്കുന്ന നാട്ടാനകൾ എന്നിവക്കുള്ള ഈ പരിപാലന കേന്ദ്രം 50 ആനകളെ വരെ പാർപ്പിക്കുന്നതിനുള്ള സൗകര്യം ഉൾപ്പെടുത്തിയാണ് നവീകരിച്ചിട്ടുള്ളത്. ആനകളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ ചങ്ങലയില്ലാതെ പാർപ്പിക്കുകയാണ് ഈ കേന്ദ്രത്തിൽ ലക്ഷ്യമിടുന്നത്. ചെറിയ കുട്ടിയാനകളെ പരിചരിക്കുവാനുള്ള നഴ്സറി, കുട്ടിയാനകളെയും ഇടപ്രായക്കാരായ ആനകളെയും കൂട്ടമായി പാർപ്പിക്കുവാനുള്ള സൗകര്യം, മുതിർന്ന ആനകളെ ഒറ്റക്കും കൂട്ടമായും പാർപ്പിക്കുവാനുള്ള സ്ഥലങ്ങൾ, കാട്ടിൽ നിന്നും പിടിക്കുന്ന ആനകളെ പാർപ്പിക്കുവാനുള്ള ക്രാളുകൾ, മസ്തിലുള്ള ആനകളെ പാർപ്പിക്കുവാനുള്ള കൊട്ടിലുകൾ, ആധുനിക സൗകര്യങ്ങളുള്ള വെറ്റിനറി ആശുപത്രി, ആനകൾക്കുള്ള അടുക്കളയും ഊട്ടു സ്ഥലവും, നീരാടുവാനുള്ള കുളങ്ങൾ എന്നിവ ഈ കേന്ദ്രത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട് . പാപ്പാന്മാർ, വെറ്റിനറി ഓഫീസർമാർ, വിദ്യാർഥികൾ, വനം ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലന കേന്ദ്രവും ഹോസ്റ്റലുകളും, സന്ദർശകർക്കായി പാർക്കിംഗ് സൗകര്യം, റോഡുകൾ, കഫെറ്റീരിയ, ശൗചാലയം, പാർക്കുകൾ, അനമ്യൂസിയം എന്നിവയും ഈ കേന്ദ്രത്തിന്റെ ഭാഗമായി നിലവിൽ വരുന്നു. ഓഫീസ് ബ്ലോക്ക്, ക്വാർട്ടേഴ്സ്, ജല, വൈദ്യുതി വിതരണ ശൃംഖല എന്നിവയും പദ്ധതിയുടെ ഭാഗമായി

പൂർത്തീകരിച്ചിട്ടുണ്ട്. 2024 ഒക്ടോബർ മാസം 11നു കേന്ദ്രം ഔദ്യോഗികമായി കമ്മീഷൻ ചെയ്തു പ്രവർത്തനം ആരംഭിച്ചു..

കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് **സാനിറ്റേഷൻ സ്റ്റാഫ് തസ്തികയിൽ** കരാർ നിയമനം നടത്തുന്നതിനാണ് ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്നത്.

I. **ജോലിയുടെ സ്വഭാവവും, ഉത്തരവാദിത്വങ്ങളും.**

പാർക്കിലെ വിവിധ കെട്ടിടങ്ങൾ, അവയിലെ ടോയ്‌ലറ്റുകൾ, മുറ്റവും പരിസരവും, പാർക്കിംഗ് ഏരിയ, റിസപ്ഷൻ കേന്ദ്രം, മൃഗങ്ങളെ പാർപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ, ഗാർഡനുകൾ, സന്ദർശക പാതകൾ, റോഡുകൾ എന്നിവ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഓരോ ഏരിയയുടെയും സ്വഭാവനമനുസരിച്ചുള്ള ശുചീകരണ ഉപകരണങ്ങൾ ഉപയോഗിച്ചു വൃത്തിയാക്കുക; ഇതിന്റെ ഭാഗമായി ശേഖരിക്കുന്ന ചപ്പുചവറുകൾ, മാലിന്യ നിക്ഷേപ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന വസ്തുക്കൾ എന്നിവ ഇതിനായി തയ്യാറാക്കിയിട്ടുള്ള സംസ്കരണ സ്ഥലത്തു എത്തിക്കുക; കൂടെക്കൂടെ വൃത്തിയാക്കൽ ആവശ്യമായി വരുന്ന ഗ്ലാസ്/ പോളി കാർബണേറ് ഷീറ്റ് മേൽക്കൂരകൾ, ജനൽ , കതകുകൾ എന്നിവ വൃത്തിയാക്കുക;ഓഫീസ് പരിസരത്തുള്ള ചെടികൾ സംരക്ഷിക്കുക ; ഹോസ്പിറ്റൽ സമുച്ചയം, വിവിധ കിച്ചണുകൾ, ക്വാറന്റൈൻ കേന്ദ്രം എന്നിവ ശുചിയാക്കുക തുടങ്ങി മേലധികാരികൾ ആവശ്യപ്പെടുന്ന അനുബന്ധ ജോലികൾ.

II. **യോഗ്യതകൾ**

1. വിദ്യാഭ്യാസ യോഗ്യത : ഏഴാം ക്ലാസ് പാസ്സായിരിക്കണം. ഡിഗ്രി ഉണ്ടാകാൻ പാടില്ല.

2. മറ്റു യോഗ്യതകൾ : കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സാനിറ്ററി വർക്കർ, ഫുൾ ടൈം /പാർട്ട് ടൈം സ്വീപ്പർ തസ്തികകളിലെ ജോലി പരിചയം അഭികാമ്യം.

III. **പ്രായം**: അപേക്ഷകർ 2025 ജനുവരി 1 നു 45 വയസ്സ് കഴിയാത്തവരായിരിക്കണം. ഉയർന്ന പ്രായ പരിധിയിൽ ഇളവ് ലഭിക്കുന്നതല്ല.

.

IV. **ഒഴിവുകൾ** : 5 എണ്ണം.

V. **വേതനവും നിയമന കാലാവധിയും** : കരാർ അടിസ്ഥാനത്തിൽ 1 വർഷത്തേക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം 18390/- രൂപയായിരിക്കും.

VII. ജോലി സമയം: രാവിലെ 08.00 മണി മുതൽ വൈകുന്നേരം 03.00 മണി വരെ; അടിയന്തിര ഘട്ടത്തിൽ കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരും.

VII. **തെരഞ്ഞെടുപ്പ് രീതി**. അപേക്ഷരിൽ പ്രാഥമികമായി എല്ലാ യോഗ്യതകളും ഉള്ളവരുടെ ചുരുക്കപട്ടിക തയാറാക്കും. ഇവരിൽ നിന്നും അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയാറാക്കി പ്രസിദ്ധപ്പെടുത്തും. ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തും.

VIII. **അപേക്ഷ സമർപ്പിക്കേണ്ട വിധം** : ഓരോ തസ്തികക്കുമുള്ള അപേക്ഷ ഫോറം ഈ പരസ്യത്തിന്റെ അനുബന്ധമായി .കേരള വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ വിവരം പത്ര മാധ്യമത്തിലൂടെ അറിയിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യുന്ന അപേക്ഷ പൂരിപ്പിച്ചു ഫോട്ടോ, സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകൾ എന്നിവ സഹിതം കവറിലിട്ടു താഴെപ്പറയുന്ന അഡ്ഡ്രസ്സിൽ അയക്കണം. അപേക്ഷകൾ നേരിട്ടും errckottoor@gmail.com എന്ന ഇ-മെയിലിലും സ്വീകരിക്കുന്നതാണ്. സർട്ടിഫിക്കറ്റുകളുടെ അസ്സൽ അഭിമുഖ സമയത്തു ഹാജരാക്കണം.

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്
ഫോറെസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട് പി.ഓ.
തിരുവനന്തപുരം 695 014
കേരളം.

IX. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 15-04-2025 വൈകുന്നേരം 05.00 മാണി വരെ

X. കൂടുതൽ വിവരങ്ങൾക്ക് : 8281165348; 9605022802

(ഒപ്പ്)
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്
ഫോറെസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട് പി.ഓ.
തിരുവനന്തപുരം 695 014

**കേരള വനം വകുപ്പ്**

**കോട്ടൂർ ആന പുനരധിവാസ കേന്ദ്രം**

**(കിഫ്ബി പ്രോജക്ക് )**

**സാനിറ്റേഷൻ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാഫാറം.**

അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | അഡ്രസ് | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | |
| 4 | സ്ഥിരമായി താമസിക്കുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപറേഷൻ | |
| 5 | മൊബൈൽ നമ്പർ | |
| 6 | ഇ മെയിൽ ഐ ഡി (ഉണ്ടെങ്കിൽ) | |
| 7 | ജനന തീയതിയും 01-01-2025-ലെ പ്രായവും | |
| 8 | ഏതു ലിംഗത്തിൽപ്പെടുന്നു (പുരുഷൻ/സ്ത്രീ/മറ്റു വിഭാഗം ) | |
| 9 | നിലവിലെ വിദ്യാഭ്യാസ യോഗ്യത | |
| 10 | വിദ്യാഭ്യാസ യോഗ്യത സംബന്ധിക്കുന്ന രേഖ | |
| 11 | പഠിച്ച വിദ്യാലയത്തിന്റെ പേരും അഡ്രസ്സും | |
| 12 | ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു?<br><br>(പട്ടിക ജാതി /പട്ടിക വർഗം/മറ്റു | |

| | | |
|---|---|---|
| | പിന്നാക്ക വിഭാഗം/പൊതു വിഭാഗം) | |
| 13 | ഇപ്പോൾ ചെയ്യുന്ന ജോലി | |
| 14 | സാനിറ്റേഷൻ ജോലി ജോലി ഇഷ്ടപ്പെടുവാൻ കാരണം ( അമ്പത് വാക്കുകളിൽ) | |

*നോട്ട്: 1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജോലി പരിചയം, എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി.